# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 7/218/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 23/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 7/218/2022 തീയ്യതി: 23/03/2022

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 23-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക്.പി.(ഓഡിറ്റ് ഓഫീസർ)
യാദവകുമാര സി.എച്ച് (അസി.ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസി.ഓഡിറ്റ് ഓഫീസർ)
ജെനു കുര്യാക്കോസ് (അസി.ഓഡിറ്റ് ഓഫീസർ)
എം.ബാബു (അസി.ഓഡിറ്റ് ഓഫീസർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിസ്സി.പി.ജെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഭാസ്കരൻ.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സോണി മാത്യൂ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| പ്രമോദ്.ബി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |
| സുമിഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| അജീബ്.എസ് | കൃഷി ഓഫീസർ | 01-04-2019 | 06-06-2019 |
| ബിന്ദു.പി. | കൃഷി ഓഫീസർ | 07-06-2019 | 16-09-2019 |
| രേഷ്മ.എം.സി | കൃഷി ഓഫീസർ | 17-09-2019 | 08-12-2019 |
| ഹുസൈൻ.പി.പി | കൃഷി ഓഫീസർ | 09-12-2019 | 13-01-2020 |
| ജൂലി അലക്സ് | കൃഷി ഓഫീസർ | 14-01-2020 | 31-03-2020 |
| അഭിനിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 18-12-2019 |
| സന്ധ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-12-2019 | 31-03-2020 |
| അനീഷ്.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ജോർജ്ജ് കുട്ടി ജോസഫ് | പ്രധാനാധ്യാപകൻ | 01-04-2019 | 10-07-2019 |
| ശങ്കരനാരായണ ഭട്ട് | പ്രധാനാധ്യാപകൻ | 11-07-2019 | 31-03-2020 |
| അമൂല്യ.എം.ടി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 29-04-2019 |
| സുബ്രായ.കെ | മെഡിക്കൽ ഓഫീസർ അലോപ്പതി | 30-04-2019 | 31-03-2020 |
| ഫാത്തിമ യാസ്മിൻ .കെ.എം | മെഡിക്കൽ ഓഫീസർ ആയ്യൂർവേദം | 01-04-2019 | 31-03-2020 |
| ലേഖ.ഡി.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശാലിനി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 27-11-2019 |
| ജാസ്മിൻ.സി.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-11-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 08-03-2022) | 1-2 |
| 3 | വാർഷിക കണക്കിൽ ഉൾപ്പെടാത്ത വരവ് തുകകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-2-1 |
| 4 | ട്രഷറി/ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-2-2 |
| 5 | ബാലൻസ് ഷീറ്റ് -വിവിധ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-2-3 |
| 6 | ഓഡിറ്റ് റിക്കവറി - സർക്കാരിലേക്ക് തിരച്ചടക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-2-4 |
| 7 | രജിസ്റ്ററുകൾ ഹാജരാക്കിയില്ല<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 01-03-2022) | 1-2-5 |
| 8 | ഡിമാന്റ് രജിസ്റ്റർ- അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-2-6 |
| 9 | കറക്ഷൻ എൻട്രികൾ- നോട്ട് ഓൺ അക്കൗണ്ട്സ് ലഭ്യമാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-2-7 |
| 10 | മറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 01-03-2022) | 1-2-8 |
| 11 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-03-2022) | 1-2-9 |
| 12 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-3 |
| 13 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-03-2022) | 1-4 |
| 14 | പദ്ധതി അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 01-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 01-03-2022) | 1-6 |
| 16 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Babu M (Senior Grade Auditor, On 01-03-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 18-03-2022) | 1-7 |

| | | |
|---|---|---|
| 17 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Babu M (Senior Grade Auditor, On 01-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 01-03-2022) | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-03-2022) | 1-9 |
| 19 | ബന്തടുക്ക ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സിലെ വാടക- 1,82,410 രൂപ കുടിശ്ശിക<br>Written By: Babu M (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-03-2022) | 1-10 |
| 20 | തൊഴിൽ നികുതി പിരിവിലെ അപാകത<br>Written By: Babu M (Senior Grade Auditor, On 06-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-03-2022) | 1-11 |
| 21 | സ്ഥിര നിക്ഷേപ പലിശ പഞ്ചായത്ത് കണക്കിൽ വരവിലെടുത്തിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-12 |
| 22 | അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-13 |
| 23 | പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവ് - പത്രപരസ്യം -ഇൻവോയ്സുകൾ ഹാജരാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-14 |
| 24 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-15 |
| 25 | തുടർ സാക്ഷരതാ പദ്ധതി - ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-16 |
| 26 | ക്ഷേമ പെൻഷൻ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Babu M (Senior Grade Auditor, On 08-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-17 |
| 27 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും നികുതികൾ കുറവു ചെയ്തില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 03-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-03-2022) | 1-18 |
| 28 | റോഡ് ടാറിങ് പ്രവൃത്തി - ടെണ്ടർ കുറവ് നടത്താതെ അന്തിമ ബിൽ നൽകിയത് ക്രമീകരിച്ചു<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-19 |
| 29 | ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിലേക്ക് അടക്കേണ്ടതാണ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 1-20 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 25-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 27-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 27-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 25-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-03-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 25-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 27-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 4-8 |
| 9 | ചാർജ്ജ് സർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 25-02-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യാലോകനം<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1(1) 15.02.2019 | 3/1 22.2.2020 |
| മുന്നിരിപ്പ് | 2,26,71,476 | 2,88,36,621 |
| വരവ് | 17,23,57,334 | 18,79,97,264 |
| ആകെ | 19,50,28,810 | 21,68,33,885 |
| ചെലവ് | 17,94,43,834 | 17,93,27,134 |
| നീക്കിയിരിപ്പ് | 1,55,84,976 | 3,75,06,751 |

## 1-2 വാർഷിക ധനകാര്യപത്രിക -അപാകതകൾ

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിക്കുകയുണ്ടായി. വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറി നം.5/28.02.2022 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി (എസ്.സി.1/622/22 തി.02.03.2022) പരിഗണിച്ച് പരിഹരിക്കുവാൻ അവശേഷിക്കുന്ന ന്യൂനതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക കണക്കിൽ ഉൾപ്പെടാത്ത വരവ് തുകകൾ

എ) ജനറൽ പർപ്പസ്സ് ഫണ്ട് ആദ്യ 6 അലോട്ട്മെന്റുകളിൽ നിന്നുമായി ഈടാക്കിയ 1326/- രൂപ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) വികസന ഫണ്ട് പൊതുവിഭാഗം സ്രോതസ്സിൽ നിന്നും വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ 1106/- രൂപ ഈടാക്കിയിരുന്നു. ഇതിൽ 553 രൂപ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശേഷിച്ച 553/- രൂപ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി) കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി , സംസ്ഥാന സഹകരണ ബാങ്ക് ബന്തടുക്ക ശാഖ എന്നിവയിലെ സ്ഥിര നിക്ഷേപങ്ങൾക്ക് 2019-20 വർഷം ലഭിച്ച പലിശ തുക ₹2,03,218 (26/4/2019 &6/11/2019) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 06/2020 ൽ ലഭിച്ച പലിശ 2,17,642/- രൂപ വരവിലെടുത്തിട്ടുണ്ടെന്നാണ് സൂചിപ്പിച്ചിട്ടുള്ളത് . 2019-20 വർഷം മേൽ പരാമർശിച്ച തിയതികളിൽ ലഭിച്ച പലിശ തുക വരവിലെടുത്തിട്ടില്ല.)

ഡി) സാക്ഷരത, പൈക്ക എന്നീ പദ്ധതികളുടെ ബാങ്ക് അക്കൗണ്ടുകളിൽ 2019-20 വർഷം ലഭിച്ച പലിശ (₹1070 &14,291)തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യ റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുന്നിരിപ്പ് തുക തന്നെ നീക്കിയിരിപ്പിലും ഉൾപ്പെടുത്തിയിരിക്കുന്നു. (സാക്ഷരത അക്കൗണ്ടിൽ ലഭിച്ച പലിശ തുക 2020-21 വർഷവും, പൈക്ക അക്കൗണ്ടിൽ ഉൾപ്പെടുത്താൻ വിട്ടു പോയ പലിശ തുക 2021-22 വർഷവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി മറുപടി നൽകിയിട്ടുണ്ട്.)

ഇ) വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ ട്രഷറി ബിൽ നം. 16937/ 11.3.2020 പ്രകാരം 30,000/- രൂപ പിൻവലിച്ചിട്ടുണ്ട് എന്നാൽ ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

എഫ്) ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം അങ്കണവാടി പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതമിനത്തിൽ 16.12.2019 ന് വരവ് വന്ന 2,575/- രൂപ പഞ്ചായത്ത് കണക്കിൽ അക്കൗണ്ട്

ചെയ്യപ്പെട്ടിട്ടില്ല.

## 1-2-2 ട്രഷറി/ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ

എ) കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്ക് വർഷാന്ത്യ റീകൺസിലേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ ചുവടെ ചേർത്ത ചെക്കുകൾ Cheques Deposited But Not Collected എന്നയിനത്തിൽ ഉൾപ്പെടുത്തി കാണിച്ചിട്ടുണ്ട്.

8424652/16.9.2019 ₹1250/-

8424651/16.9.2019 ₹1250/-

6919971/20.3.2019 ₹7250/-

(മേൽ പരാമർശിച്ചതിൽ ആദ്യ രണ്ട് ചെക്കുകൾ 2020-21ൽ ക്രമീകരിച്ചതായി റിപ്പോർട്ട് നൽകിയിട്ടുണ്ട് . അവശേഷിച്ച 7,250/- രൂപ ക്രമീകരിച്ചിട്ടില്ല.)

ബി) എസ്.ബി.ഐ. തനത് ഫണ്ട് വർഷാന്ത്യ റീകൺസിലേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ ചുവടെ ചേർത്ത ചെക്ക് Cheques Deposited But Not Collected എന്നയിനത്തിൽ ഉൾപ്പെടുത്തി കാണിച്ചിട്ടുണ്ട്.

152146/ 20.8.2018 ₹7,500/-

സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - എം.പി.ഫണ്ട്- പാസ്സ് ബുക്ക് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. 25.3.2019 ൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് 467/- രൂപയാണ് .എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത അക്കൗണ്ടിൽ മുന്നിരിപ്പും നീക്കിയിരിപ്പുമായി 5,378/- രൂപ കാണിച്ചിരിക്കുന്നു. (പാസ്സ് ബുക്ക് കാലികമാക്കി ന്യൂനത 2020-21 വർഷം ക്രമീകരിച്ചതായി മറുപടി നൽകിയിട്ടുണ്ട്)

ഡി) ടി.എസ്.ബി. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ മുന്നിരിപ്പിൽ (-)1,77,574/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മുന്നിരിപ്പ് തുക മൈനസ് ആകുവാനുണ്ടായ കാരണം വിശദമാക്കേണ്ടതും , പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി റിപ്പോർട്ട് നൽകേണ്ടതുമാണ് . ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം എസ്.എൻ.പി. ഇനത്തിൽ 2,575/- രൂപ പ്രസ്തുത അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. പ്രസ്തുത തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. നിലവിലും പ്രസ്തുത അക്കൗണ്ടിൽ പ്രസ്തുത തുക നീക്കിയിരിപ്പുണ്ടെങ്കിലും പഞ്ചായത്ത് കണക്കിൽ പ്രസ്തുത നീക്കിയിരിപ്പ് ഉൾപ്പെട്ടിട്ടില്ല.

റീകൺസിലേഷൻ പത്രികകളിൽ കണക്ക് ക്രമീകരിക്കുന്നതിനായി ഉൾപ്പെടുത്തിയ വിവിധ തുകകളുടെ കൃത്യത പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

## 1-2-3 ബാലൻസ് ഷീറ്റ് -വിവിധ അപാകതകൾ

എ) ബാലൻസ് ഷീറ്റിൽ ഹെഡ്ഡ് 320300199 31.3.2020ൽ നീക്കിയിരിപ്പുള്ള 50,49,285/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. കോർപ്പസ് ഫണ്ട്, വിമുക്തി പദ്ധതി എന്നിവയ്ക്ക് ലഭിച്ച തുകയാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്ക് ലഭിച്ച തുക വിനിയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ് .

ബി) ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ 31.3.2020 രേഖപ്പെടുത്തിയിട്ടുള്ള 4,44,021/- രൂപയുടെ കൃത്യത പരിശോധിക്കുക. 31.3.2019 ലും 4,33,821/- രൂപ പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെട്ട് കാണുന്നു. ഏതൊക്കെ പ്രോജക്ടുകൾക്ക് എന്ന് പിരിച്ച ഗുണഭോക്തൃ വിഹിതമാണ് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

സി) 31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320100115- TSC എന്ന ഹെഡിൽ 57,20,120/- രൂപ നീക്കിയിരിപ്പുണ്ട്. ഒ.ഡി.എഫ്. ഇനത്തിൽ വിനിയോഗിച്ച തുക തനത് ഫണ്ടിലേയ്ക്ക് റീ ക്ലപ്പ് ചെയ്യുവാനുള്ള

തുകയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത വിശദമായി പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുക.

ഡി) 31.03.2020 ലെ ബാലൻസ് ഷീറ്റിൽ 320100299- Grants-other Central Govt Grants എന്ന ഹെഡിൽ 2,00,000/- രൂപ നീക്കിയിരിപ്പുണ്ട്. ബഡ്സ് സ്കൂൾ സംബന്ധിച്ച് ലഭിച്ച പ്രസ്തുത തുക സ്കൂൾ ആരംഭിക്കുന്ന മുറയ്ക്ക് വിനിയോഗിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഇ) ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയിരിക്കുന്ന (ഹെഡ് 350400501 ) 4,55,915/- രൂപയുടെ കൃത്യത പരിശോധിക്കുക. ലെഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരം ഇ.എം.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട 2010-11 ലെ തുകയാണിത്. തുകയുടെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുക.

എഫ്) ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂളിലെ തുകയും (Secured Loan From KURDFC ) , ഷെഡ്യൂൾ B-16 (Prepaid Programme Expenses)ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (പ്രസ്തുത അപാകത 2020-21ൽ ക്രമീകരിച്ചതായി മറുപടി നൽകിയിട്ടുണ്ട്.)

ജി) കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്ക് (സാക്ഷരത) അക്കൗണ്ടിലെ (നം.2870) നീക്കിയിപ്പ് തുക ₹15,950/- രൂപ ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-4 ഓഡിറ്റ് റിക്കവറി - സർക്കാരിലേക്ക് തിരച്ചടക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 ലെ പരാമർശത്തിന്റയടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ തിരികെ ഒടുക്കിയ 2,99,707/- രൂപ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ 20.4.2019 ന് വരവ് വന്നിട്ടുണ്ട്. വാർഷിക കണക്കിൽ 28800501 എന്നഹെഡ്ഡിൽ മൈനസ്സ് എൻട്രിയായിട്ടാണ് പ്രസ്തുത തുക ചേർത്തിട്ടുള്ളത് .(Prior Period Programme Expenses). ഓഡിറ്റ് പരാമർശ പ്രകാരം പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നാൽ ആയതിന് അധികൃതർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തുകയായതിനാൽ ബാധ്യതയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ബാധ്യതയിൽ പ്രസ്തുത തുക ഉൾപ്പെട്ട് കാണുന്നില്ല.

### 1-2-5 രജിസ്റ്ററുകൾ ഹാജരാക്കിയില്ല

അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് മൂലം വാർഷിക കണക്കിൽ ഇതുമായി ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

### 1-2-6 ഡിമാന്റ് രജിസ്റ്റർ- അപാകതകൾ

31.03.2020 ലെ ആസ്തി ബാധ്യതാ പട്ടിക പ്രകാരം വസ്തു നികുതിയിനത്തിൽ 10.43 ലക്ഷം രൂപ കുടിശ്ശികയുണ്ട്. എന്നാൽ ഈ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാവുന്ന തരത്തിൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, എന്നിവ എഴുതിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. തൊഴിൽ നികുതി , ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ് , കളക്ഷൻ , ബാലൻസ് വിവരങ്ങളുടെ സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-2-7 കറക്ഷൻ എൻട്രികൾ- നോട്ട് ഓൺ അക്കൗണ്ട്സ് ലഭ്യമാക്കിയിട്ടില്ല.

വിവിധ ഹെഡുകളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ നിരവധി കറക്ഷൻ എൻട്രികൾ വരുത്തിയതായി കാണുകയുണ്ടായി. എന്നാൽ ഇവയുടെ വിശദാംശം സാധൂകരിക്കുന്ന നോട്ട് ഓൺ അക്കൗണ്ട്സ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ബാധ്യത കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്ന സംഗതികളിൽ ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണെങ്കിലും ആയതിനുള്ള നടപടികൾ

കൈക്കൊണ്ടിട്ടില്ല. കറക്ഷൻ എൻട്രികൾ വരുത്തിയ ഹെഡ്ഡുകളിൽ ചിലതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

320100121, 320300199, 330500201, 440500101, 320800199

## 1-2-8 മറ്റ് അപാകതകൾ

എ) ആസ്തി രജിസ്റ്ററിൽ 2019-20 വർഷം ആർജ്ജിച്ച ആസ്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല

ബ) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2-9 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ തുകയുടെ (5,01,408/-)കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 4,15,58,397.89 |
| വരവ് | 8,31,41,784.00 |
| ആകെ | 12,47,00,181.89 |
| ചെലവ് | 8,33,36,089.00 |
| നീക്കിയിരിപ്പ് | 4,13,64,100.89 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ* പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,66,26,000 | 1,66,26,000 | 1,50,71,299 | 15,54,701 | 90.64 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 42,6000 | 42,6000 | 4,01,049 | 24,951 | 94.14 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 12,49,5000 | 12,49,5000 | 79,66,811 | 45,28,189 | 63.75 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,26,49,000 | 1,26,49,000 | 1,02,81,530 | 23,67,470 | 81.28 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 49,06,000 | 49,06,000 | 24,04,086 | 25,01,914 | 49 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,27,09,133 | 1,27,09,133 | 85,27,452 | 41,81,681 | 67.09 |
| ആകെ | 0 | 5,98,11,133 | 5,98,11,133 | 4,46,52,227 | 1,51,58,906 | 74.65 |

## വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 14,29,688 രൂപയും , ടി.എസ്.പിയിൽ നിന്നും കുറവ് ചെയ്ത 8,38,235 രൂപയും മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ട് പൊതുവിഭാഗം സ്രോതസ്സിൽ നിന്നും വാട്ടർചാർജ്ജ് കുടിശ്ശികയിനത്തിൽ 1106 രൂപ ഈടാക്കിയിരുന്നു. ഇതിൽ 553 രൂപ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശേഷിച്ച 553 രൂപ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ബി) ( ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 13641641 | 13641641 | 13641641 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 401049 | 401049 | 401049 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 7128576 | 7128576 | 7128576 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10281530 | 10281530 | 10281530 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2404086 | 2404086 | 2404086 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8527452 | 8527452 | 8527452 | 0 |
| ബിഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 8640 | 8640 | 8640 | 0 |
| വിവാഹ ധനസഹായം | 0 | 30000 | 30000 | 30000 | 0 |
| തൊഴിലുറപ്പ് പദ്ധതി 100 ദിന ഇൻസെന്റീവ് | 0 | 348000 | 348000 | 348000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 20200134 | 11049936 | 31250070 | 19175831 | 12074239 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 5644 | 1480000 | 1485644 | 1480000 | 5644 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 100044 | 999999 | 1100043 | 999999 | 100044 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 18869 | 1579452 | 1598321 | 1598321 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1298441 | 1157733 | 2456174 | 576580 | 1879594 |
| ടോട്ടൽ സാനിറ്റേഷൻ | 5884029 | 0 | 5884029 | 163929 | 5720100 |
| പൈക്ക # | 446346 | 14291 | 460637 | 0 | 460637 |
| മറ്റ് കേന്ദ്ര ഗ്രാന്റ് | 200000 | 0 | 200000 | 0 | 200000 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| ശുചിത്വ മിഷൻ | 2032023 | 0 | 2032023 | 400420 | 1631603 |
| കേരളോത്സവം | 0 | 20000 | 20000 | 200000 | 0 |
| സാക്ഷരത # | 14880 | 1070 | 15950 | 0 | 15950 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 2500000 | 4500000 | 7000000 | 7000000 | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 11082617 | 11082617 | 11082617 | 0 |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ (ഇനം വ്യക്തമാക്കിയിട്ടില്ല) | 6073913 | 0 | 6073913 | 1024628 | 5049285 |
| പയ്യങ്ങാനം കോളനി റോഡ് (കോർപ്പസ് ഫണ്ട്) | 1300000 | 0 | 1300000 | 1171786 | 158214 |

കുറിപ്പ്.

1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 98,45,000/- രൂപയാണ് വരവ്. ( സ്രോതസ്സിൽ നിന്നും ഈടാക്കിയ 1326 രൂപ ഉൾപ്പടെ) പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്രോതസ്സിൽ നിന്നും ഈടാക്കിയ 1326 രൂപ വാർഷിക കണക്കിൽ വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ജനറൽ പർപ്പസ് ഗ്രാന്റ് അവസാന ഗഡുവും , അധിക ധനസഹായവുമായി അനുവദിച്ച തുകയുമുൾപ്പടെ 11,81,772 രൂപ 2019-20 വർഷം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കാൻ സാധിച്ചിരുന്നില്ല. പ്രത്യേക സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയും 19.10.2020 ൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 4,03,21,450/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ചേർത്തിട്ടില്ല.

4) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 11,10,52,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ചേർത്തിട്ടില്ല.

5) സാക്ഷരത, പൈക്ക എന്നീ അക്കൗണ്ടുകളിൽ 2019-20 വർഷം ലഭിച്ച പലിശ തുക , വാർഷിക കണക്കിൽ വരവിലെടുത്തിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 122465034 | 148 | 65405307 | 0 | 81 | 64.62 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 27 | 7158370 | 13 | 3619202 | 50.55 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3526760 | 3 | 2312371 | 65.56 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 133 | 51843201 | 77 | 24757600 | 47.75 |
| 4 | കൃഷി ഓഫീസർ | 5 | 2368334 | 5 | 1529611 | 64.58 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 42434337 | 20 | 22509650 | 53.04 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6275869 | 9 | 5769607 | 91.93 |
| 7 | വെറ്റിനറി സർജ്ജൻ | 4 | 270000 | 3 | 119990 | 44.44 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 600000 | 1 | 600000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2 | 945993 | 2 | 935634 | 98.90 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 200000 | 2 | 200000 | 100 |
| 11 | പ്രധാനാധ്യാപകൻ | 18 | 3992170 | 13 | 2818118 | 70.59 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2850000 | 1 | 233524 | 8.19 |
| | ആകെ | 229 | 122465034 | 148 | 65405307 | 53.40 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 18869 | 1579452 | 1598321 | 1598321 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 40321450 | 40321450 | 40321450 | 0 |
| ആകെ | 18869 | 41900902 | 41919771 | 41919771 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1933 പദ്ധതികളുൾപ്പെടുന്ന 30.83 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ (അഡീഷണൽ പ്ലാൻ ഉൾപ്പടെ) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 620 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 129606 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. 157കുടുംബങ്ങൾക്ക് നൂറുദിനം തൊഴിൽ ലഭിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 6492200 | 193 |
| വിധവാപെൻഷൻ | 34561800 | 1090 |
| വാർദ്ധക്യകാലപെൻഷൻ | 56424800 | 1687 |
| വികലാംഗപെൻഷൻ | 12107000 | 370 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1466200 | 224 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.02.2022 തീയ്യതിയിൽ 2.35 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 18,307/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) വിവിധ കമ്മറ്റി യോഗങ്ങൾ

ഭരണസമിതിയുൾപ്പടെയുള്ള വിവിധ കമ്മറ്റികൾ ഓഡിറ്റ് വർഷം ചുവടെ ചേർത്ത പ്രകാരം യോഗം

ചേർന്നിട്ടുണ്ട്.

| ക്രമ നം | കമ്മിറ്റി | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഭരണ സമിതി | 36 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 3 | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| 4 | ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| 5 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 15 |
| 6 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി | 1 |

(2) ഓഫീസ് യോഗങ്ങൾ- ഓഡിറ്റ് വർഷം എല്ലാ മാസവും ഓഫീസ് യോഗങ്ങൾ ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ആകെ 6 തവണ മാത്രമാണ് ഓഫീസ് യോഗം ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്

3) പേഴ്സണൽ രജിസ്റ്റർ- ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും മേലധികാരിക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

4) കണക്കുകളുടെയും മറ്റു രേഖകളുടെയും സൂക്ഷിപ്പ്-

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക, രജിസ്റ്ററുകൾ, രേഖകൾ, ഇലക്ട്രോണിക് വിവര സഞ്ചയങ്ങൾ എന്നിവ അവലോകനം നടത്തിയതിൽ 2019-20 വർഷത്തെ വാർഷിക കണക്കുകൾ പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകൾ, ധനകാര്യ സ്ഥിതി, വരവു ചെലവുകൾ എന്നിവയെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല എന്ന് മനസ്സിലാക്കുന്നു. കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിൽ ദിനം പ്രതിയും പ്രതിമാസവും വാർഷികവുമായി നടത്താൻ നിർദേശിച്ചിട്ടുള്ള പ്രക്രിയകൾ യഥാസമയം നടത്താത്തതായും ഇടപാടുകൾ നടക്കുന്ന സമയം തന്നെ അവ രേഖപ്പെടുത്താത്തതായും ശ്രദ്ധയിൽ പെട്ടു. സാംഖ്യയിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ സാംഖ്യ വെബ്, സഞ്ചയ, സുലേഖ തുടങ്ങിയ മറ്റു ഇലക്ട്രോണിക് വിവര സങ്കേതങ്ങളിലെ കണക്കുകളുമായി പൊരുത്തപ്പെടാത്തതായും പരിശോധനയിൽ കാണുന്നു.

സോഫ്റ്റ് വെയറുകളിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾക്ക് ഉപോദ്ബലകമായി മാന്വൽ ആയി സൂക്ഷിച്ചു വരുന്ന രേഖകളും അപൂർണങ്ങളും അവ്യക്തങ്ങളുമാണെന്ന് കാണുന്നു. അക്രൂവൽ വരുമാനം രേഖപ്പെടുത്തിയ ഇനങ്ങളുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർണമല്ല. ഇവ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി ഡി.സി.ബി. സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അഡ്വാൻസ് രജിസ്റ്റർ, ലോൺരജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകമ്പൻസി രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. അടിയന്തിരമായി ഈ അപാകതകൾ പരിഹരിക്കുന്നതിന് ഉപയുക്തമായ രീതിയിൽ ഓഫീസ് ഉത്തരവുകൾ പുന:ക്രമീകരിക്കേണ്ടതാണ്. പണമിടപാടുകളും കത്തിടപാടുകളും ആദ്യാവസാനം നിരീക്ഷിക്കാവുന്ന തരത്തിലും ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവചിക്കുന്ന തരത്തിലും ഓഫീസ് ജോലി വിഭജനം പുന:ക്രമീകരിക്കേണ്ടതാണ്. അക്കൗണ്ട് ചട്ടങ്ങളും ഓഫീസ് നടപടിക്രമങ്ങളും നിർബന്ധമായും നടപ്പിൽ വരുത്തേണ്ടതുമാണ്.

(5) നികുതി പിരിവ് -

31.03.2020 ലെ ആസ്തി ബാദ്ധ്യതാ പട്ടിക പ്രകാരം വസ്തു നികുതിയിനത്തിൽ 10.43 ലക്ഷം രൂപ

കുടിശ്ശികയുണ്ട്. എന്നാൽ ഈ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാവുന്ന തരത്തിൽ ഡിമാന്റ് രജിസ്റ്ററോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററോ എഴുതിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവയുടെ കൃത്യത ഉറപ്പ വരുത്താനായിട്ടില്ല. അടിയന്തിരമായും നികുതി ഡാറ്റാബേസ് കാലികമാക്കി പൂർണമായും ആശ്രയിക്കാവുന്ന വിധത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

6) ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും കൃത്യമായ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

(7) മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 ബന്തടുക്ക ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സിലെ വാടക- 1,82,410 രൂപ കുടിശ്ശിക

2019-20 സാമ്പത്തിക വർഷത്തിൽ ,ബന്തടുക്ക ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ വാടക മുറി ലേലം കൊണ്ട വ്യക്തികൾ വാടക കുടിശ്ശിക വരുത്തിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | മുറിയുടെ നമ്പർ | മുറിവാടകയ്ക്ക് എടുത്ത വ്യക്തി | ഡിമാന്റ് തുക | കളക്ഷൻ തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 1 | 1 | ബാബു നായ്ക്ക് | 39,396 | 3,283 | 36,113 |
| 2 | 2 | കെ. അശോകൻ നായർ | 38,760 | 35,530 | 3,230 |
| 3 | 3 | അരവിന്ദാക്ഷൻ | 40,080 | 20,040 | 20,040 |
| 4 | 4 | സുനിത.കെ.എം | 41,616 | 13,872 | 27,744 |
| 5 | 5 | ജോബി സെബാസ്റ്റ്യൻ | 40,080 | 0 | 40,080 |
| 6 | 12 | അബൂബക്കർ സിദ്ദിക് | 39,396 | 32,830 | 6,566 |
| 7 | 18 | പത്മിനി | 39,384 | 6,564 | 32,820 |
| 8 | 19 | വി.എൻ. രാജൻ | 39,384 | 36,102 | 3,282 |
| 9 | 20 | മുഹമ്മദ് റഫീഖ് എം | 38,424 | 28,818 | 9,606 |
| കുടിശ്ശിക | | | 2,929 | 0 | 2,929 |
| ആകെ | | | 3,59,449 | 1,77,039 | 1,82,410 |

2019-20 വർഷത്തിൽ ബന്തടുക്ക ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടകയിനത്തിൽ 1,82,410 രൂപ പിരിച്ചെടുത്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ .9/2019-20 തിയ്യതി 28.02.2022 ).

## 1-11 തൊഴിൽ നികുതി പിരിവിലെ അപാകത

2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിൻ മേലുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | കുറ്റിക്കോൽ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം |
| 2 | പടുപ്പ് വനിത സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം |
| 3 | കേരള ഗ്രാമീണ ബാങ്ക്, ബന്തടുക്ക | ഒന്നാം അർദ്ധവർഷം |
| 4 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | ഒന്നം രണ്ടും അർദ്ധവർഷം |
| 5 | എസ്.ബി.ഐ. കുറ്റിക്കോൽ | ഒന്നാം അർദ്ധവർഷം |
| 6 | കുറ്റിക്കോൽ ക്ലിനിക് | ഒന്നം രണ്ടും അർദ്ധവർഷം |
| 7 | കുറ്റിക്കോൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 8 | കാംകോ -ലിമിറ്റഡ് ബന്തഡുക്ക , | ഒന്നം രണ്ടും അർദ്ധവർഷം |
| 9 | ബന്തഡുക്ക വനിത സർവീസ് സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |
| 10 | ബന്തഡുക്ക അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് & പ്രൊസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നം രണ്ടും അർദ്ധവർഷം |
| 11 | മദൻ ഫ്യൂൽസ് ബന്തഡുക്ക | ഒന്നം രണ്ടും അർദ്ധവർഷം |
| 12 | ദീപ ക്ലിനിക് | ഒന്നം രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളുടെ ഒന്നം രണ്ടും അർദ്ധ വർഷം ഈടാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

(2) റേഷൻ കടകളുടെ തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (l)വകുപ്പ് പ്രകാരം , ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന റേഷൻ കടകളുടെയും സ്ഥാപനത്തിന്റെ ജീവനക്കാരുടേയും തൊഴിൽ നികുതി ഒന്നം രണ്ടും അർദ്ധ വർഷം ഈടാക്കിയിട്ടില്ല . തൊഴിൽ നികുതി ഈടാക്കി വിശദവിവരം ഓഡിറ്റിനെ ലഭ്യമാക്കേണ്ടതാണ്.

| ക്രമനമ്പർ | റേഷൻ കട ഉടമയുടെ പേര് | ARD No. |
|---|---|---|
| 1 | തോമസ്.പി.ടി | ARD No. 2468119 കരിവേടകം |
| 2 | രാധാകൃഷ്ണൻ | ARD No.246899 പടുപ്പ് |
| 3 | മുഹമ്മദ് കുഞ്ഞി | ARD No.246898 ബന്തടുക്ക |
| 4 | നീലകണ്ഠൻ നായർ | ARD No.2468157മാണിമൂല |
| 5 | സില്ലി | ARD No.2468153വീട്ടിയാടി |
| 6 | മനോഹരൻ | ARD No.2468178 പുളുവിഞ്ചി |
| 7 | മുഹമ്മദ് കുഞ്ഞി | ARD No.2468101 കുറ്റിക്കോൽ |
| 8 | വിനോദ് | ARD No.2468167 ബേത്തൂർപാറ |

3)കള്ള് ഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി.

| ക്രമ നമ്പർ | സ്ഥലം , കള്ള് ഷാപ്പ് നമ്പർ | ലൈസൻസിയുടെ പേരും മേൽവിലാസവും |
|---|---|---|
| 1 | TS No. 1 കരിവേടകം | കെ.ജെ.തോമസ് ,കല്ലത്. ശങ്കരമ്പാടി |
| 2 | TS No. 4 ശങ്കരമ്പാടി | കെ.ജെ.തോമസ് ,കല്ലത്. ശങ്കരമ്പാടി |
| 3 | TS No. 17 മാണിമൂല | കെ.ജെ.തോമസ് ,കല്ലത്. ശങ്കരമ്പാടി |
| 4 | TS No. 5 ബന്തഡുക്ക | കെ.ജെ.തോമസ് ,കല്ലത്. ശങ്കരമ്പാടി |
| 5 | TS No. 6 മാനടുക്കം | കെ.ജെ.തോമസ് ,കല്ലത്. ശങ്കരമ്പാടി |
| 6 | TS No. 3 പടുപ്പ് | കെ.ജെ.തോമസ് ,കല്ലത്. ശങ്കരമ്പാടി |
| 7 | TS No. 2 പുളുവിഞ്ചി | കെ.ജി ശശികുമാർ ആനക്കല്ല്, ശങ്കരമ്പാടി |

| | | |
|---|---|---|
| 8 | TS No. 9 കുറ്റിക്കോൽ | കെ.ജി ശശികുമാർ ആനക്കല്ല്, ശങ്കരമ്പാടി |
| 9 | TS No. 16 പരപ്പ | കെ.ജി ശശികുമാർ ആനക്കല്ല്, ശങ്കരമ്പാടി |
| 10 | TS No. 10 ബേത്തൂർപ്പാറ | കെ.ജി ശശികുമാർ ആനക്കല്ല്, ശങ്കരമ്പാടി |

മേൽ കള്ള ഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിശദവിവരം ഓഡിറ്റിനെ ലഭ്യമാക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നമ്പർ .2/2019-20 തിയ്യതി 26.02.2022 ).

1-12 സ്ഥിര നിക്ഷേപ പലിശ പഞ്ചായത്ത് കണക്കിൽ വരവിലെടുത്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് (ഹെഡ്സ് 420800101) പ്രകാരം സ്ഥിരനിക്ഷേപം ഇനത്തിലുള്ള തുകയായി 31.3.2019 ലും, 31.3.2020 ലും കാണിച്ചിട്ടുള്ള തുക 25,26,113 രൂപയാണ് . സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ, 2019-20 വർഷം സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ തുക ഉൾപ്പടെ പുതുക്കി നിക്ഷേപിച്ചിട്ടുള്ളതായി കാണുകയുണ്ടായി എന്നാൽ 2019-20 വർഷം ലഭിച്ച പലിശ തുക ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥിര നിക്ഷേപ നമ്പർ | 31.3.2019ലെ നീക്കിയിരിപ്പ് | 2019-20 വർഷം ലഭിച്ച പലിശ | 31.3.2020 ലെ ആകെ തുക |
|---|---|---|---|
| 1260- കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2,60,070 | 21,456 | 2,81,526 |
| 4018- സംസ്ഥാന സഹകരണ ബാങ്ക് ബന്തടുക്ക | 1,91,365 | 15,788 | 2,07,153 |
| 4019- സംസ്ഥാന സഹകരണ ബാങ്ക് ബന്തടുക്ക | 8,99,559 | 71,965 | 9,71,524 |
| 4020- സംസ്ഥാന സഹകരണ ബാങ്ക് ബന്തടുക്ക | 5,59,930 | 44,794 | 6,04,724 |
| 4021- സംസ്ഥാന സഹകരണ ബാങ്ക് ബന്തടുക്ക | 6,15,189 | 49,215 | 6,64,404 |
| ആകെ | 25,26,113 | 2,03,218 | 27,29,331 |

31.3.2019 ലെ നിലവിലുണ്ടായിരുന്ന തുകയായ 25,26,113 രൂപ കണക്കാക്കിയാണ് സ്ഥിര നിക്ഷേപ തുകയുടെ വിവരം 2020-21 വർഷത്തെ വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടുള്ളത് . ഇക്കാര്യം പരിശോധിച്ച് , സ്ഥിര നിക്ഷേപങ്ങൾക്ക് 2019-20 വർഷം ലഭിച്ച പലിശ തുക 2,03,218 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തി സ്ഥിര നിക്ഷേപങ്ങളുടെ കണക്ക് ക്രമീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്ക് ബന്തടുക്ക ശാഖയിലെ മേൽ പരാമർശിച്ച നാല് സ്ഥിര നിക്ഷേപ അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് / സ്റ്റേറ്റ് മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക്

ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി.നം . 4/2019-20 തിയതി. 28-02-2022)

1-13 അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 2019-20 വർഷം കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് കൈമാറേണ്ട തുക സംബന്ധിച്ച് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട് (വർക്കർമാർക്ക് 2200 രൂപ വീതവും, സഹായികൾക്ക് 1450 രൂപ വീതവും പ്രകാരം ആകെ 14,45,400 രൂപ (സ.ഉ.(സാധ) നം. 2772/19 ധന തി.3.4.2019 -₹4,81,800, സ.ഉ.(സാധ) നം.6105/19 ധന തി. 01.8.2019 -₹4,81,800, & സ.ഉ.(സാധ) നം.10050/19 ധന തി.21.12.2019 -₹4,81,800,). പ്രസ്തുത തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വികസന ഫണ്ടിൽ നിന്നും ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വികസന ഫണ്ടിൽ നിന്നും മേൽ പരാമർശിച്ച തുക സർക്കാർ നിർദ്ദേശിച്ച കണക്ക് ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

2019-20 വർഷം സർക്കാരിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക (14,45,400 ) തുടർ വർഷം ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ടിൽ നിന്നും പദ്ധതിയ്ക്കുള്ള തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്തത് മൂലം ഉണ്ടായ മാർഗ്ഗരേഖാ ലംഘനം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി.നം . 3/2019-20 തിയതി. 28-02-2022)

1-14 പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവ് - പത്രപരസ്യം -ഇൻവോയ്സുകൾ ഹാജരാക്കിയില്ല.

പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവ് ഇനത്തിൽ ട്രഷറി ബിൽ നം.445264/തി.10.3.2020 പ്രകാരം പിൻ വലിച്ച 49,152 രൂപയിൽ 46,477/- രൂപ വിവിധ പത്രങ്ങൾക്ക് പരസ്യ ചാർജ്ജ് നൽകിയതിന് ചെലവഴിച്ച തുകയാണ്. എന്നാൽ ഇതിൽ 20,324 രൂപയുടെ ഇൻവോയ്സുകൾ പ്രൊജക്ട് ഫയലിൽ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പത്ര സ്ഥാപനത്തിന്റെ പേര് | നൽകിയ തുക | ഹാജരാക്കിയ ഇൻവോയ്സുകൾ | ഇൻവോയ്സുകൾ ഹാജരാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|
| മാതൃഭൂമി | 34053 | ₹5,047/ 5.1.20<br>₹8,282/ 14.1.20<br>₹8,282/ 14.2.20 | ₹12,424/- |
| മലയാള മനോരമ | 12,289 | 4,389/- | ₹7,900/- |
| | 46,342/- | 26000/- | ₹20,324/- |

ഓഡിറ്റ് എൻക്വയറി.നം . 6/2019-20 തിയതി. 28-02-2022 പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 20,324/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർത്ത പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് ഓഡിറ്റ് വർഷം 8,00,000/- രൂപ കൈമാറിയിട്ടുണ്ട്

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് വിശദാംശം / തുക നൽകിയ സ്ഥാപനം | ട്രഷറി ബിൽ നം / വൗച്ചർ നമ്പർ | തുക |
|---|---|---|---|
| സെക്രട്ടറി | പ്രൊ.നം.0007/19-20 സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകിയത് | ട്രഷറി ബിൽ.നം 01200532/ 04.02.2020 | 3,00,000/- |
| സെക്രട്ടറി | പ്രൊ.നം.0008/19-20 വയോമിത്രം പദ്ധതിയ്ക്കായി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകിയത് | ട്രഷറി ബിൽ.നം, 8/07.02.2020 | 2,50,000/- |
| | | ട്രഷറി ബിൽ.നം. 9/07.02.2020 | 1,25,834/- |
| | | വൗച്ചർ നം. 21900745/ 12.02.2020 | 1,24,166/- |
| | | ആകെ | 8,00,000/- |

മേൽ പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 8,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം . 6/2019-20 തിയതി. 28-02-2022)

## 1-16 തുടർ സാക്ഷരതാ പദ്ധതി - ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

സുലേഖ ചെലവ് പത്രിക പ്രകാരം തുടർ സാക്ഷരത പദ്ധതിയ്ക്കായി 21,000/- രൂപ (പ്രൊ.നം.0006/20 ) വിനിയോഗിച്ചിട്ടുണ്ട് (തനത് ഫണ്ട്) . എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം . 6/2019-20 തിയതി. 28-02-2022) വാക്കാൽ നൽകിയ മറുപടിയിൽ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നും , സുലേഖയിൽ വന്ന പിശക് മൂലം ഇത്തരത്തിൽ ചെലവ് ഉൾപ്പെട്ടതാണെന്നും അധികൃതർ അറിയിക്കുകയുണ്ടായി. സുലേഖ ചെലവ് പത്രികയിൽ ഇത്തരത്തിൽ ചെലവ് രേഖപ്പെടുത്തുവാൻ ഉണ്ടായ സാഹചര്യം ഐ.കെ.എം. അധികൃതർ മുഖേന പരിശോധിച്ച് ഇത് സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ക്ഷേമ പെൻഷൻ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. തുടർന്ന് ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കുലർ നം.63/2021/ധന തിയതി 02.08.2021 സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

1) ഗ്രാമ പഞ്ചായത്തിൽ മരണപ്പെടുന്ന വ്യക്തികൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കുവാൻ സഹായകരമായ യാതൊരു രേഖകളും രജിസ്ട്രേഷൻ

വേളയിൽ സമർപ്പിക്കപ്പെടുന്നില്ല. ആയത് ഉറപ്പാക്കുവാൻ അധികൃതർ യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല. ഇതുമൂലം മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിക്കുന്നില്ല. വാർദ്ധക്യകാല പെൻഷൻ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ ചേർത്ത ഗുണഭോക്താൾ മരണപ്പെട്ടുവെങ്കിലും പെൻഷൻ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കാത്തതിനാൽ നിലവിലും അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ തുക നിക്ഷേപിച്ച് വരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| പെൻഷണർ ഐ.ഡി | പേര് | മരണപ്പെട്ട തിയതി | തുടർ മാസങ്ങളിൽ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട പെൻഷൻ | ആകെ |
|---|---|---|---|---|
| 111960200254 | ആമിന ,കെ.ടി വീട് , ബന്തടുക്ക | 18.08.2020 | 09/20 മുതൽ 01/2022 വരെ<br>1500x7= 10,500/-\<br>1600x10= 16,000/- | 26,500/- |
| 111960201439 | ആമിന,ഏണിയാടി വീട്, ബന്തടുക്ക | 1.11.2020 | 11/20 മുതൽ 01/2022 വരെ<br>1600x3 | 4,800/- |

ഇക്കാര്യം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/19-20 തി.02.03.2020) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേയ്ക്ക് നൽകിയ തുക തിരികെ ഈടാക്കി ഡി.ബി.റ്റി. സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. തുക ഡി.ബി.റ്റി. സെല്ലിലേയ്ക്ക് തിരികെ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) സേവന സോഫ്റ്റ് വെയറിൽ ലഭ്യമായ വാർദ്ധക്യകാല പെൻഷൻ ആക്ടീവ് പെൻഷണേഴ്സ് ലിസ്റ്റിലെ ആദ്യ 100 ഗുണഭോക്താക്കളുടെ വിവരങ്ങൾ റാൻഡമായി പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ പെൻഷൻ വിവിധ കാരണങ്ങളാൽ തടഞ്ഞ് വെച്ചിരിക്കുന്നതായി കാണുകയുണ്ടായി .

| പെൺഷണേഴ്സ് ഐ.ഡി | പേര് | പെൻഷൻ തടഞ്ഞുവെച്ച മാസം | കാരണം |
|---|---|---|---|
| 111960200006 | നാരായണൻ.വി | സെപ്റ്റംബർ 2021 മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 12/2021 വരെ അനുവദിച്ച പെൻഷൻ കൈമാറാൻ സാധിച്ചിട്ടില്ല. 01/2022 ലെ പെൻഷൻ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. |
| 111960200012 | നാരായണി അമ്മ | നവംബർ 2021 മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 12/2021 വരെ അനുവദിച്ച പെൻഷൻ കൈമാറാൻ സാധിച്ചിട്ടില്ല. 01/2022 ലെ പെൻഷൻ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. |
| 111960200020 | എച്ച്.കുമ്പ | ഡിസംബർ 2021 മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 12/2021 ൽ അനുവദിച്ച പെൻഷൻ കൈമാറാൻ സാധിച്ചിട്ടില്ല. 01/2022 ലെ പെൻഷൻ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. |
| 111960200074 | മദറു | 2019 മെയ് മാസം മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 01/2022 വരെ അനുവദിച്ച പെൻഷൻ തടഞ്ഞ് വെച്ചിട്ടുണ്ട്. |
| 111960200086 | പുത്തരിച്ചി. | 2019 മെയ് മാസം മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 01/2022 വരെ അനുവദിച്ച പെൻഷൻ തടഞ്ഞ് വെച്ചിട്ടുണ്ട്. |
| 111960200101 | ഐത്തപ്പ ഗൗഡ | 2019 ആഗസ്റ്റ് മുതൽ | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ 01/2022 വരെയുള്ള പെൻഷൻ തടഞ്ഞ് |

| | | | |
|---|---|---|---|
| | | | വെച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 111960200141 | രാമൻ ആശാരി | 2019 ആഗസ്റ്റ് മുതൽ | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ 01/2022 വരെയുള്ള പെൻഷൻ തടഞ്ഞ് വെച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 111960200177 | ഏലിയാമ്മ | 2019 മെയ് മാസം മുതൽ | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ 01/2022 വരെയുള്ള പെൻഷൻ തടഞ്ഞ് വെച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 111960200180 | ചെന്നപ്പ ഗൗഡ | സെപ്തംബർ 2021 മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 01/2022 വരെ പെൻഷൻ തടഞ്ഞ് വെച്ചു |
| 111960200252 | എം.ലക്ഷ്മി അമ്മ | 2019 മെയ് മാസം മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 01/2022 വരെ പെൻഷൻ തടഞ്ഞ് വെച്ചു |
| 111960200268 | എം.കെ.വേണു | 2018 ആഗസ്റ്റ് മാസം മുതൽ | അക്കൗണ്ട് ശരിയല്ലാത്തതിനാലും, മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാലും പെൻഷൻ തടഞ്ഞ് വെച്ചു |
| 111960200314 | പാർവ്വതി അമ്മ | നവംബർ 2021 മുതൽ | മരണപ്പെട്ടു.<br>തുടർന്ന് 12/2021 വരെ അനുവദിച്ച പെൻഷൻ കൈമാറാൻ സാധിച്ചിട്ടില്ല. 01/2022 ലെ പെൻഷൻ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. |

1993 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന വാർദ്ധക്യകാല പെൻഷൻ ഗുണഭോക്തൃപട്ടികയിലെ വളരെ ചെറിയ ഒരു ഭാഗം ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ചതിൽ മരണപ്പെട്ടതായി രേഖപ്പെടുത്തിയ പലരും ലിസ്റ്റിൽ തുടരുന്നതായി കാണുന്നു. മേൽ പട്ടിക പരിശോധിച്ച് മരണപ്പെട്ടവരെ/അനർഹരെ പെൻഷൻ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണപ്പെട്ടതിന് ശേഷം അനുവദിച്ച പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ/സഹകരണ ബാങ്കുകളിൽ സ്ഥിതിചെയ്യുന്ന പക്ഷം തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിൽ ഒടുക്കേണ്ടതുമാണ്.

2019-20 വർഷം വിവിധ സാമൂഹ്യ പെൻഷൻ ഇനത്തിൽ 11 കോടിയോളം രൂപ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ടും,സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കളുടെ വീട്ടിലെത്തിച്ചും പെൻഷൻ തുക നൽകി വരുന്നു. വിശദമായ പരിശോധന നടത്തിയാൽ മാത്രമേ മരണപ്പെട്ടവരും/ അർഹതയില്ലാത്തവരും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും അനർഹമായി പെൻഷൻ കൈപ്പറ്റുന്നുണ്ടോയെന്നും പരിശോധിക്കുവാൻ സാധിക്കു. ധനകാര്യ എസ്.എഫ്.സി -ബി വകുപ്പിന്റെ സർക്കുലർ നം.63/2021/ധന തിയതി 02.08.2021 സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാനും ഇതുപ്രകാരം പ്രകാരം അനർഹരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവനുമുള്ള സത്വര നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും നികുതികൾ കുറവു ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ

നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. യുടെയും (1% എസ്.ജി.എസ്.ടി., 1% സി.ജി.എസ്.ടി.) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTOനം | ഈടാ ക്കേണ്ട ജി.എസ്.ടി. | ഈടാ ക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|---|
| 1 | പ്ലാവിലായ കനീംകുണ്ട് റോഡ് സോളിംഗ് വാർഡ് 14 | സനീഷ് കുമാർ | 2,66,119 | 362954 | 5,322 | 2,661 |
| 2 | അർത്തുട്ടിപ്പാറ - ഞെരു റോഡ് കോൺക്രീറ്റ് വാർഡ് 14 | സതീശൻ എം. | 2,54,206 | 5886 | 5,084 | 2,542 |
| 3 | പ്ലാവിലായ കനീംകുണ്ട് റോഡ് കോൺക്രീറ്റ് വാർഡ് 14 | സനീഷ് കുമാർ | 3,81,312 | 196930 | 7,626 | 3,813 |
| 4 | വളവ്- തോലിയാട്ട് ST കോളനി റോഡ് കോൺക്രീറ്റ് വാർഡ് 14 | അരവിന്ദാക്ഷൻ കെ. | 2,28,198 | 452668 | - | 2,281 |
| 5 | അർത്തുട്ടിപ്പാറ-കളക്കര-പള്ളത്തി കാൽ റോഡ് കോൺക്രീറ്റ് വാർഡ് 15 | സുരേഷ് കുമാർ | 2,38,902 | 532464 | - | 2,389 |
| 6 | പടുപ്പ്-അമലഗിരി റോഡ് കോൺ ക്രീറ്റ് വാർഡ് 13 | സതീഷ് എം. | 3,86,319 | 607017 | 7,726 | 3,863 |
| 7 | കക്കച്ചാൽ-മൂളി പ്പടുപ്പ് റോഡ് കോൺക്രീറ്റ് വാർഡ് 10 | സനീഷ് കുമാർ | 3,81,266 | 532031 | 7,625 | 3,812 |
| 8 | ബന്തടുക്ക-ബണ്ടം കൈ റോഡ് കോൺക്രീറ്റ് വാർഡ് | സുരേഷ് കുമാർ | 3,81,285 | 532273 | 7,625 | 3,812 |

| | | | | | | |
|---|---|---|---|---|---|---|
| | 9 | | | | | |
| 9 | ബേത്തൂർപാറ -അമ -കാലിക്കടവ് റോഡ് കോൺക്രീറ്റ് വാർഡ് 1 | ശശീന്ദ്രൻ | 1,44,311 | 703871 | - | 1,443 |
| 10 | ബേത്തൂർപാറ-അങ്കണവാടി റോഡ് കോൺ ക്രീറ്റ് വാർഡ് 1 | ശശീന്ദ്രൻ | 1,39,819 | 703871 | - | 1,398 |
| 11 | ഏണിയാടി ക്ലബ്ബ് -കുന്നിൽ റോഡ് സോളിംഗ് വാർഡ് 5 | സനീഷ് കുമാർ | 62,449 | 703871 | - | 624 |
| 12 | പരപ്പ-ചൊട്ട ത്തോൽ റോഡ് കോൺക്രീറ്റ് വാർഡ് 1 | അരവിന്ദാക്ഷൻ | 1,57,484 | 362954 | - | 1,574 |
| 13 | പരപ്പ-തണ്ടംബര റോഡ് സോളിംഗ് വാർഡ് 2 | സനീഷ് കുമാർ | 1,24,899 | 617271 | - | 1,248 |
| 14 | കക്കച്ചാൽ മാവിലം കൊട്ട റോഡ് കോൺക്രീറ്റ് വാർഡ് 8 | അരവിന്ദാക്ഷൻ | 3,77,463 | 532698 | 7,549 | 3,774 |
| 15 | മൊട്ട വടക്കേക്കര റോഡ്കോൺക്രീറ്റ് വാർഡ് 7 | അരവിന്ദാക്ഷൻ കെ. | 2,93,810 | 285475 | 5,876 | 2,938 |
| 16 | ഏണിയാടി കപ്പണ റോഡ് സോളിംഗ് വാർഡ് 5 | സനീഷ് കുമാർ | 62,432 | 524861 | - | 624 |
| | | | | | 54,433 | 38,796 |

മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നേരിട്ട നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 10 തീയ്യതി :28-02-2022).

1-19 റോഡ് ടാറിങ് പ്രവൃത്തി - ടെണ്ടർ കുറവ് നടത്താതെ അന്തിമ ബിൽ നൽകിയത് ക്രമീകരിച്ചു

ശങ്കരംപാടി - നെച്ചിപ്പട്ടപ്പ് റോഡ് ടാറിങ് (പ്രോ.നം.0154/20) എന്ന പ്രവൃത്തി, എസ്റ്റിമേറ്റ് നിരക്കിനേക്കാളും 6.5% കുറച്ചാണ് ശ്രീ.അരവിന്ദാക്ഷൻ കെ കരാറെടുത്തത്. എന്നാൽ അന്തിമ ബിൽ

പ്രകാരം തുക അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് കണക്കാക്കാതെ മുഴുവൻ പ്രവൃത്തി മൂല്യത്തിനുമുള്ള തുക നൽകുകയാണുണ്ടായത് (₹ 182702/- (MG Rd ഫണ്ട്) BRN:19200952003301035191 / 04.01.2020 , ₹ 300000/- (CFC ഫണ്ട്) ബിൽ നം.10/2020-21 / തി.11.06.2019 ; ആകെ ചെലവ് ₹ 482702/- ). ഈ വസ്തുത 02.03.2022 ലെ എൻക്വയറി നം. 11 പ്രകാരം സൂചിപ്പിച്ചതിനെ തുടർന്ന് അധികം കൈപ്പറ്റിയ തുകയായ ₹ 31376/- (482702 ന്റെ 6.5%) 05.03.2022 ന് മാലക്കല്ല് ട്രഷറിയിൽ ചെലാൻ നം.KL025517818202122M പ്രകാരം ഒടുക്ക് വരുത്തിയിട്ടുണ്ട്.

1-20 ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിലേക്ക് അടക്കേണ്ടതാണ്

2019-20 സാമ്പത്തിക വർഷം മുതൽ ഇ-ടെണ്ടറുകളിലൂടെ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. കുറ്റിക്കോൽ ശാഖയിലുള്ള അക്കൗണ്ടിലേക്കാണ് (നം-38430809055) ഓൺലൈൻ ആയി ക്രഡിറ്റ് ആയിട്ടുള്ളത്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപെട്ടിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഈ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഈ അക്കൗണ്ടിൽ 31.03.2020 ൽ 69,368 /- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിൽ നാളിതുവരെയുള്ള തുക കണക്കാക്കി ആയത് ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതും തുടർ വർഷങ്ങളിൽ, നിശ്ചിത ഇടവേളകളിൽ ബിഡ് സമർപ്പണ ഫീസ് കണക്കാക്കി, ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 23.02.2022 & 24.02.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 80000 | 0053/20 – കിണർ റീചാർജ്ജിംഗ് | 80000 | 0 |
| | 2019-20 | 100000 | 0253/20 -ലൈഫ് മിഷൻ പട്ടിക വർഗ്ഗം | 100000 | 0 |
| | 2019-20 | 1000000 | 0257/20 -ലൈഫ് മിഷൻ പട്ടിക വർഗ്ഗം | 1000000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 300000 | 0115/20 - ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 800000 | 0253/20 -ലൈഫ് മിഷൻ പട്ടിക വർഗ്ഗം | 800000 | 0 |
| | 2019-20 | 99999 | 0141/20 - പാലിയേറ്റീവ് പരിചരണം | 99999 | 0 |
| | 2019-20 | 100000 | 0115/20 - ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശം | ഉത്തരവ്നം, തിയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/തസ്വഭവ, തിയതി18.05.2018 | 2,49,76,858 | 1,38,94,241 + 1,10,82,617 (തൻവർഷ വരവ്) = ആകെ 2,49,76,858 | 15,44,117 | - | 2,34,32,741 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,26,113/- |
| തൻവർഷം നിക്ഷേപിച്ചത് (പലിശവരവ്) | 2,03,218/- |
| ആകെ | 27,29,331/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 27,29,331/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-03-2020)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് | 10.6.2019 | 1 വർഷം | 2,81,526/- | 0 |

| | | | | | |
|---|---|---|---|---|---|
| | കോ-ഓപ്പറേറ്റീവ് സൊസൈറ്റി (No. 1260) | | | | |
| 2 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520021 | 26.04.2019 | 1 വർഷം | 2,07,153/- | 0 |
| 3 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520022 | 26.04.2019 | 1 വർഷം | 9,71,524/- | 0 |
| 4 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520023 | 26.04.2019 | 1 വർഷം | 6,04,724/- | 0 |
| 5 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520024 | 26.04.2019 | 1 വർഷം | 6,64,404/- | 0 |
| | ആകെ | | | 27,29,331/-* | |

(*വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ ആകെ സ്ഥിരനിക്ഷേപ തുകയിൽ പൊരുത്തക്കേടുണ്ട്.വാർഷിക ധനകാര്യ പത്രികയിൽ 31.03.2019 ൽ രേഖപ്പെടുത്തിയ 25,26,113/- രീപ തന്നെയാണ് 31.03.2020 ലും കാണിച്ചിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം മേൽ പരാമർശിച്ച സ്ഥിര നിക്ഷേപങ്ങൾക്ക് 2019-20 വർഷം ലഭിച്ച പലിശ വരവ് 2,03,218/- രൂപ നിക്ഷേപ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച പ്രത്യേക പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക --- ൽ ഉൾപ്പെടുത്തിയിരിക്കുന്നു)

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 3,06,707/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയതി |
|---|---|---|---|---|
| 2017-18 | ഖ.3(9) | 2,99,707/- | അസി.എഞ്ചിനിയർ | 119030900003 തി.17.04.2019 |
| 2018-19 | 1-16 | 3,300/- | ദീപ ഹോസ്പിറ്റൽ ബന്തടുക്ക | 119010100134 തി.10.04.2019 |
| 2018-19 | 1-16 | 1,200/- | മാടൻ ഫ്യൂവൽസ് ബന്തടുക്ക | 119010100136 തി.10.04.2019 |
| 2018-19 | 1-16 | 2,500/- | ഐ-സ്കെച്ച് പ്ലാൻ &എസ്റ്റിമേറ്റ് | 119010100696 തി.20.05.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനാവലോകന റിപ്പോർട്ട്- വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും | | 2013-14 | 5.5.1 | പ്രവർത്തനാവലോകന റിപ്പോർട്ട്- വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും | തുടരുന്നു |
| 2014-15 | 2-1, 2-2, 2-3, 2-4, 2-5 | 2016-17 | അദ്ധ്യായം 2, അനുബന്ധം-4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2-3, 2-4, 2-5 | 2016-17 | അദ്ധ്യായം 2, അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ് സർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക –

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2015-16 | ഖ.3-1 | ടി.ഉഷാ കുമാരി അസി. സെക്രട്ടറി | KSA.546/ Spl.cell/ Csc/ C2/2018 Dt.13.11.19 | 13000 | - | - | - | - | - | 13000 | തുക ഒടുക്കിയിട്ടില്ല . |
| 2 | 2016-17 | ഖ.3-2 | അരുൺ കുമാർ .A.V വെറ്റിനറി സർജ്ജൻ | KSA.5849/ Spl.cell/ Csc/ C2/2018 Dt.28.5.18 | 61860 | ₹61860 Rt.No. 12001010 1934 തി. 19.9.20 | - | - | -- | 61860 | 0 | തുക ഒടുക്കി |

## 4-10 ഓഡിറ്റ് പ്രത്യാലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,31,41,784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,33,36,089 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹8,20,324/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 20,324 | ഭാസ്കരൻ.കെ , സെക്രട്ടറി |
| 1-15 | 8,00,000 | ഭാസ്കരൻ.കെ , സെക്രട്ടറി |
| ആകെ | ₹8,20,324/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1-18 | IT | 38,796 | ഭാസ്കരൻ.കെ, സെക്രട്ടറി |
| | GST | 54,433 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഭാസ്കരൻ.കെ, സെക്രട്ടറി | - | ചെല്ലഞ്ഞി ഹൗസ്, പെരുമ്പള പി.ഒ., കളനാട്, കാസർകോട് |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | LF/KSD.4/1011/08 തിയതി 29.08.2008 | 5 |
| 2001-02(പ്ലാൻ) | LF/KSD.4/1012/08 തിയതി 29.08.2008 | 3 |
| 2001-02(ഫൈനൽ) | LF/KSD.4/544/09 തിയതി 04.05.2009 | 2 |
| 2002-03 | LF/KSD.4/543/09 തിയതി 04.05.2010 | 8 |
| 2003-04 | LF/KSD.3/640/10 തിയതി 04.10.2011 | 2 |
| 2004-05 | LF/KSD.3/641/10 തിയതി 18.08.2011 | 5 |
| 2005-06 | LF/KSD.3/642/10 തിയതി 28.09.2011 | 4 |
| 2006-07 | LF/KSD.3/649/11തിയതി 13.12.2011 | 4 |
| 2007-08 | LF/KSD.3/687/11 തിയതി 13.12.2011 | 3 |
| 2008-09 & 2009-10 | LF/KSD.4/949/12 തിയതി 14.08.2013 | 14 |
| 2010-11 & 2011-12 | LF/KSD.6/734/13 തിയതി 05.06.2014 | 20 |
| 2012-13 & 2013-14 | LF/KSD.7/38/15 തിയതി 14-05-2015 | 9 |
| 2014-15 | KSA/KSD.7-272/2016, തി.15.03.2016 | 17 |
| 2015-16 | KSA/KSD.7-48/2017, തിയതി 19.01.2017 | 17 |
| 2016-17 | KSA/KSD.7-980/2017, തി.08.08.2017 | 21 |
| 2017-18 | KSA/KSD.7-688/2019 തി.20-06-2020 | 14 |
| 2018-19 | KSA/KSD.7-677/2020 തി. 04-12-2020 | 16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kuttikkol Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4682359.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 770374.00 |
| 140000000 | Fee & User Charges | I-4(b) | 2008383.00 |
| 150000000 | Sale & Hire Charges | I-5(b) | 415070.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 210362641.00 |
| 171000000 | Interest Earned | I-8 | 731466.00 |
| 180000000 | Other Income | I-9 | 8002.00 |
| | Total Income | | 218978295.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11341161.00 |
| 220000000 | Administrative Expenses | I-11(b) | 1710320.00 |
| 230000000 | Operations & Maintenance | I-12(b) | 1303590.00 |
| 240000000 | Interest & Finance Charges | I-13 | 1318.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2205302.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 71074329.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 830261.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 926802.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 111443600.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 10881413.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 8400.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 0.0 |
| | Total Expenditure | | 211736496.00 |
| | Gross Surplus/ Deficit of income over Expenditure | | 7241799.00 |
| 280000000 | Prior Period Item | I-18 | -2755793.35 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 9997592.35 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം - 4
## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kuttikkol Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 41037083.89 |
| Cash | Cash | RP-40(a) | 521314.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 988510.00 |
| 140000000 | Fees & User Charges | RP-4 | 1877383.00 |
| 150000000 | Sale & Hire Charges | RP-5 | 415070.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55064617.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 731466.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7267385.00 |
| 350000000 | Other Liabilities | RP-36 | 39720.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8002.00 |
| 330000000 | Secured Loans | RP-32 | 11082617.00 |
| 340000000 | Deposits Received | RP-34 | 142546.00 |
| 350000000 | Other Liabilities | RP-36 | 216339.00 |
| 410000000 | Fixed Assets | RP-38 | 923782.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4312347.00 |
| 440000000 | Pre-paid Expenses | RP-45 | 66000.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 124700181.89 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4376630.00 |
| 220000000 | Administrative Expenses | RP-12 | 1710320.00 |
| 230000000 | Operations & Maintenance | RP-13 | 1303037.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2205302.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27598398.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1696450.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 926802.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 391600.00 |
| 255000000 | Maintenance Projects | RP-20 | 10881413.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 8400.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | 938874.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 394580.00 |
| 350000000 | Other Liabilities | RP-36 | 5745973.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1318.00 |
| 280000000 | Prior Period Item | RP-26 | -34300.00 |
| 340000000 | Deposits Received | RP-34 | 70142.00 |
| 350000000 | Other Liabilities | RP-36 | 1168023.00 |
| 410000000 | Fixed Assets | RP-38 | 13633688.00 |
| 412000000 | Capital work in Progress | RP-40 | 866178.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 8432617.00 |
| 460000000 | Loans, Advances and Deposits | RP-47 | 1010636.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 41285134.89 |
| Cash | Cash | RP-40(b) | 78966.00 |
| | Grand Total | | 124700181.89 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

| Kuttikkol Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24474347.89 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 58862395.00 |
| | Total Reserve & Surplus | | 83336742.89 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15634871.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 15634871.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23432741.00 |
| | Total Loans | | 23432741.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 501408.00 |
| 350000000 | Other Liabilities | B-9 | 1542838.00 |
| | Total Current Liabilities and Provisions | | 2044246.00 |
| | TOTAL LIABILITIES | | 124448600.89 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 91023270.00 |
| 411000000 | Accumulated Depreciation | B-11 | -33845174.00 |
| 412000000 | Capital Work in Progress | B-11(a) | 866178.00 |
| | Total Fixed Assets | | 58044274.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 2526113.00 |
| | Total Investments | | 2526113.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1175605.00 |
| 440000000 | Pre-paid Expenses | B-16 | 20716741.00 |
| 450000000 | Cash and Bank Balance | B-17 | 41364100.89 |
| 460000000 | Loans, Advances and Deposits | B-18 | 621767.00 |
| | Total Current Assets, Loans and Advances | | 63878213.89 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 124448600.89 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.